കൊടുക്കണം. എം.എൽ.എ.-മാർക്ക് പങ്കെടുക്കാൻ പറ്റാത്ത വിധത്തിൽ അവർ പങ്കെടുക്കേണ്ട യോഗങ്ങൾ നിശ്ചയിച്ചാൽ അത് നടത്താതിരിക്കാൻ വേണ്ട സംവിധാനമുണ്ടാക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് പൂർണ്ണമായും ഉൾക്കൊള്ളാം, ഇതനുസരിച്ച് നിർദ്ദേശവും കൊടുക്കാം. പക്ഷേ എം.എൽ.എ.-മാർ തന്നെ പറയുന്ന പല മീറ്റിംഗുകളും അസംബ്ലി കോംപ്ലക്സിൽ വച്ച് കൂടേണ്ടി വരും. അതിൽ തടസ്സമില്ലല്ലോ?

മി. സ്പീക്കർ: ചെയറിനെ സംബന്ധിച്ചിടത്തോളം മെമ്പർമാർക്ക് പരാതി ഇല്ലാത്തവിധത്തിൽ എന്ത് ചെയ്യുന്നതിനും ചെയറിന് വിരോധമില്ല.

VII റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ

(2) 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 33-ാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VIII (a) ക്രമപ്രശ്നം

ബില്ലിന്റെ കോപ്പി ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ്: ബില്ലുകളെ സംബന്ധിച്ച് ഒരു കീഴ്വഴക്കം സഭയിൽ ഉണ്ടല്ലോ. ആ കീഴ്വഴക്കം എന്നുപറയുന്നത് റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞാൽ അതിന്റെ കോപ്പി അംഗങ്ങൾക്ക് കൊടുക്കുക എന്നതാണ്. ഞാൻ

10.30 A. M.] മനസ്സിലാക്കിയിടത്തോളം ഈ രണ്ട് നിയമങ്ങളുടേയും കോപ്പി ഇതുവരേയും റെഡിയായിട്ടില്ല, കാരണം ഇന്നലെ രാത്രി വൈകി 8.30 മണിക്കാണ് കമ്മിറ്റി തീർന്നത് എന്നതാണ്. ബില്ലിന്റെ കോപ്പികൾ അംഗങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാൻ അർഹതയുണ്ട്. ഇപ്പോൾ ഞാൻ അന്വേഷിച്ചപ്പോഴും അതുകിട്ടാൻ ഉച്ചയാകും എന്നാണ് പറയുന്നത് അങ്ങനെയാണെങ്കിൽ റിപ്പോർട്ട് സമർപ്പണം നാളെ രാവിലെ ആക്കാൻ പറ്റില്ലേ? റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മന്ത്രിയുടെ കൈവശം റിപ്പോർട്ടിന്റെ കോപ്പി വേണം. അതാണ് ചട്ടം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് രണ്ട് ബില്ലുകൾ യോജിച്ചുള്ളതാണ്. ഈ രണ്ട് ഭേദഗതി ബില്ലുകൾക്കും വകുപ്പു തിരിച്ചുള്ള ഭേദഗതി കൊടുക്കാൻ ഞങ്ങൾക്ക് അവകാശമുണ്ട്. ഇന്നിപ്പോൾ ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞാൽ ആ സമയം കണക്കാക്കിയാണ് ഭേദഗതി കൊടുക്കാൻ സമയം അനുവദിക്കുന്നത്. റിപ്പോർട്ട് പോലും ആകാത്ത സാഹചര്യത്തിൽ ഞങ്ങൾ എങ്ങനെ ഭേദഗതി കൊടുക്കും? യഥാർത്ഥത്തിൽ ഇന്നത്തെ റിപ്പോർട്ട് അവതരണം മാറ്റിവച്ച് നാളെ റിപ്പോർട്ട് തയ്യാറായതിനുശേഷം മന്ത്രിയെക്കൊണ്ട് റിപ്പോർട്ട് അവതരിപ്പിച്ച് ഞങ്ങൾക്ക് ഇതിന് ഭേദഗതി കൊടുക്കാനുള്ള സമയം കിട്ടണം. മാത്രമല്ല ഇത്തരത്തിൽ ബില്ലുകളൊക്കെ പുട്ടടിക്കുന്ന രീതി അവസാനിപ്പിക്കുകയും വേണം. മതിയായ സമയം കൊടുത്ത് ചർച്ചയ്ക്കുള്ള സാഹചര്യം ഉണ്ടാക്കണം. മതിയായ സമയം കൊടുക്കാതെ ധൃതഗതിയിൽ അവതരിപ്പിച്ചിട്ട് ഉച്ചയാകുമ്പോൾ ഇത് സർക്കുലേറ്റ് ചെയ്യുക. ഇതൊക്കെക്കൊണ്ട് എവിടേക്കാണ് ഈ സഭയെ കൊണ്ടുപോകുന്നത്? ഇതിന് കൂട്ടുനിൽക്കരുത്.

(b) റൂളിംഗ്

മി. സ്പീക്കർ: ബില്ല് സമർപ്പിച്ചുവെന്നേയുള്ളൂ. 19-ാം തീയതി മൂന്നു മണിവരെ ഭേദഗതികൾ കൊടുക്കാൻ സമയം അനുവദിച്ചിട്ടുണ്ട്. ഇന്ന് തന്നെ at the earliest ഇത് ലഭ്യമാക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇന്നലെ സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്ത ആളാണ്; ധനകാര്യമന്ത്രിയോട് റെസ്പെക്റ്റുള്ള ആളാണ്. അദ്ദേഹം സ്പീക്കറായിരുന്ന ആളാണ്. ഇന്നലേയും ഒരുപാട് ഒഫീഷ്യൽ അമെന്റ്മെന്റ്സ് ഇവിടെ മൂവ് ചെയ്തു. സാധാരണ സബ്ജക്ട് കമ്മിറ്റിയിലെ ഡെലിബറേഷൻ എന്നു പറയുന്നത് ഭംഗിയായി ഡിസ്ക്കസ് ചെയ്ത് കഴിയുന്നിടത്തോളം അമെന്റ്മെന്റുകൾ അക്സെപ്റ്റ് ചെയ്ത് ബാക്കി—അതായത് സബ്ജക്റ്റ് കമ്മിറ്റിയിൽ വരാത്തത്—അത്യാവശ്യമുള്ളത് മാത്രം സഭയിൽ വരികയെന്നുള്ളതാണ്. ഞാൻ ഇന്നലേയും ഇവിടെ പറഞ്ഞതാണ്—സബ്ജക്റ്റ് കമ്മിറ്റിയിൽ ഡീറ്റെയിൽഡായിട്ട് ഡിസ്ക്കഷൻ നടക്കണം. ഞാൻ ദുഃഖത്തോടുകൂടി പറയട്ടെ, ഇന്നലെ ഡീറ്റെയിൽഡ് ഡിസ്ക്കഷൻ നടന്നില്ല. സമയ പരിമിതിയാണ് കാരണം. ഈ കാര്യത്തിന് ഞാൻ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിനെ കുറ്റപ്പെടുത്തില്ല. കാരണം ഒരു പുതിയ ബിൽ വരുമ്പോൾ ആ ബില്ലിൽ ചേർത്ത് അതിന് എല്ലാം അണ്ടർലൈൻ ചെയ്ത് കൃത്യമായി റിപ്പോർട്ട് സബ്മിറ്റ് ചെയ്യണം. ഇതാണ് കീഴ്വഴക്കം. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന് താങ്ങാൻ കഴിയുന്നതിനേക്കാൾ കൂടുതൽ ഭാരം കൊടുത്താൽ എന്തുചെയ്യും? ഇന്നലെ ഷെഡ്യൂൾ ചെയ്തു. കമ്മിറ്റി കൂടിക്കഴിഞ്ഞിട്ടല്ലേ ഷെഡ്യൂൾ ചെയ്യുന്നത്?

LIBRARY ARCHIVES Kerala Legislative Assembly